**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1690** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഒരു കോടി രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുവാൻ എം.എൽ.എ. യുടെ നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണത്തിന്റെ അനുമതിക്കായി വകുപ്പ് (TRANS-A2/150/2023) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** എം.എൽ.എ.യുടെ നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2015-16 നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം എന്ന പ്രവൃത്തിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016 ജൂൺ മാസത്തിൽ ആരംഭിച്ചുവെങ്കിലും പ്രവൃത്തി നിർത്തി വയ്ക്കുകയുണ്ടായി. ഇതിനായി 4,93,314/- രൂപ ചെലവായിട്ടുള്ളതാണ്. തുടർന്ന് 12/10/2022-ൽ സ്ഥല എം.എൽ.എ.യുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ചെലവായ തുക കഴിച്ച് ബാക്കി തുക ഉപയോഗിച്ച് ബസ് കാത്തിരിപ്പ് കേന്ദ്രത്തിനോടൊപ്പം കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള നടപടി സ്വീകരിക്കണമെന്ന് നൽകിയ നിർദേശാനുസരണം ടി പ്രവൃത്തിയുടെ ഭരണാനുമതി 2015-16 നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതിനാൽ ടി തുക ഉപയോഗിച്ച് പുതിയ എസ്റ്റിമേറ്റ് പ്രകാരം ഉള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ തലത്തിൽ സ്വീകരിച്ചു വരുന്നു.

മാവേലിക്കര കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 92.59 ലക്ഷം ചെലവ് പ്രതീക്ഷിക്കുന്നു. ആയതിലേക്ക് ഭരണാനുമതി (AS) ലഭ്യമാക്കുന്നതിനായി നടപടികൾ കോർപ്പറേഷൻ തലത്തിൽ സ്വീകരിച്ചു വരുന്നു.

**(ബി)** പ്രസ്തുത നിർമ്മാണം നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കവാടം നിർമ്മാണത്തിന് എം.എൽ.എ.യുടെ നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് (TRANS-A2/47/2026) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

__മറുപടി:__ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കവാടം നിർമ്മാണത്തിന് 17 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ ടെക്നിക്കൽ സാങ്ഷൻ (TS) ലഭ്യമാക്കുന്നതിനായി, പൊതുമരാമത്ത് വകുപ്പ് (PWD) ആവശ്യപ്പെട്ടതനുസരിച്ച് ഫണ്ട് പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ഫണ്ട് പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്ന മുറയ്ക്ക് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും, തുടർന്ന് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**